Reg. No. : ...................................

Name : .......................................

**FME-48**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2020

Part – III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all questions from 1 to 9. Each carries 1 score.** **(9 × 1 = 9)**

1. Vinod, an Indian trader is engaged in the business of importing goods from France and exporting the same to America. The category of trade Vinod doing is ________.

   (a) Export trade

   (b) Import trade

   (c) Entrepot trade

   (d) Wholesale trade

2. "Members may come and go, but the company continues to exist." Which feature of Joint Stock Company is referred above ?

   (a) Perpetual succession

   (b) Separate legal entity

   (c) Risk bearing

   (d) Formation

3. The principle of indemnity is not applicable to _______ insurance.

   (a) Fire

   (b) Marine

   (c) Life

   (d) Freight

4. The most widely used payment mechanism for online transactions is ________.

   (a) Cheque

   (b) Cash on delivery

   (c) Digital cash

   (d) Credit or Debit cards

**1 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.(9 × 1 = 9)**

1. വിനോദ് എന്ന ഇന്ത്യൻ വ്യാപാരി ഫ്രാൻസിൽനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്ത് അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നു. വിനേദ് ഏർപ്പെട്ടിരിക്കുന്ന വ്യാപാരത്തിന്റെ തരം ________ ആണ്.

   (a) കയറ്റുമതി കച്ചവടം

   (b) ഇറക്കുമതി കച്ചവടം

   (c) ഓൺട്രപ്പോ കച്ചവടം

   (d) മൊത്ത കച്ചവടം

2. "അംഗങ്ങൾ വരുകയും പോകുകയും ചെയ്യാം എന്നാൽ കമ്പനി നിലനിൽക്കുന്നു". ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ ഏത് സവിശേഷതയാണ് മുകളിൽ പരാമർശിച്ചിരിക്കുന്നത്

   (a) സ്ഥായീഭാവം

   (b) വേറിട്ട നിയമപരമായ അസ്തിത്വം

   (c) നഷ്ട സാധ്യത ഏറ്റെടുക്കൽ

   (d) രൂപീകരണം

3. നഷ്ടോത്തരവാദിത്വ തത്വം ബാധകമല്ലാത്ത ഇൻഷുറൻസാണ് ________

   (a) തീപിടുത്തം

   (b) മറൈൻ

   (c) ലൈഫ്

   (d) ഫ്രൈറ്റ്

4. ഓൺലൈൻ ഇടപാടുകളിൽ പണം നൽകുന്നതിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രീതിയാണ് ________.

   (a) ചെക്ക് മുഖേന

   (b) സാധനം കൈമാറുമ്പോൾ പണം നൽകൽ

   (c) ഡിജിറ്റൽ പണം

   (d) ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ് കാർഡുകൾ

5. Carbon monoxide emitted by automobiles is a major cause of ________ pollution.

(a) Land
(b) Water
(c) Air
(d) Noise

6. The document which defines the objectives of the company is ________.

(a) Memorandum of Association
(b) Articles of Association
(c) Prospectus
(d) Minimum Subscription

7. The institution formed with a view to promote, aid and foster the growth of small business units in India is ________.

(a) National Bank for Agriculture and Rural Development (NABARD)
(b) National Small Industries Corporation (NSIC)
(c) The Rural Small Business Development Centre (RSBDC)
(d) Small Industries Development Bank of India (SIDBI)

8. Find the odd one :

(a) Hawkers
(b) Speciality shops
(c) Market traders
(d) Cheap jacks

9. Complete the series as per the hint given :

(a) Document that guarantees payment – Letter of Credit
(b) The receipt issued by the commanding officer of the ship after the loading of cargo – ___?___

**Answer any 6 questions from 10 to 16. Each carries 2 scores.** **(6 × 2 = 12)**

10. Identify the form of public sector enterprise in the following cases :

(a) In such organisations at least 51% paid up capital is held by Government.
(b) These are brought into existence by a special Act of the Parliament.

5. വാഹനങ്ങൾ പുറംതള്ളുന്ന കാർബൺമോണോക്സൈഡ് ________ മലിനീകരണത്തിന്റെ പ്രധാന കാരണമാണ്

(a) മണ്ണ് (b) ജലം

(c) വായു (d) ശബ്ദം

6. കമ്പനിയുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കിയിരിക്കുന്ന പ്രമാണമാണ് ________.

(a) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

(b) ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ

(c) പ്രോസ്പെക്ടസ്

(d) ചുരുങ്ങിയ വരിസംഖ്യ

7. ഇന്ത്യയിലെ ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രോൽസാഹനം, അവയ്ക്കുള്ള വിവിധ സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ആരംഭിച്ച സ്ഥാപനമാണ് ________.

(a) ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്ക് (NABARD)

(b) ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ (NSIC)

(c) ഗ്രാമീണ ചെറുകിട വ്യാപാര വികസന കേന്ദ്രം (RSBDC)

(d) ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക് (SIDBI)

8. ഒറ്റപ്പെട്ടത് കണ്ടെത്തുക :

(a) നടന്ന് വിൽപ്പനകാർ (b) സവിശേഷഉൽപ്പന്ന കടകൾ

(c) ചന്തക്കച്ചവടക്കാർ (d) ചീപ് ജാക്സ്

9. സൂചന പ്രകാരമുള്ള ശ്രേണി പൂർത്തീകരിക്കുക:

(a) പണം കൊടുക്കൽ ഉറപ്പുനൽക്കുന്ന പ്രമാണം – ലെറ്റർ ഓഫ് ക്രെഡിറ്റ്

(b) ചരക്കുകൾ കപ്പലിൽ കയറ്റിയ ശേഷം കപ്പലിന്റെ കമാൻഡിംഗ് ഓഫീസർ നൽക്കുന്ന രസീത് – ___?___

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(6 × 2 = 12)**

10. താഴെപ്പറയുന്ന സാഹചര്യങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തരം തിരിച്ചറിയുക :

(a) ഇത്തരം സ്ഥാപനങ്ങളിലെ അടച്ചു തീർത്ത മൂലധനത്തിന്റെ ചുരുങ്ങിയത് 51% സർക്കാർ നിയന്ത്രണത്തിലാണ്.

(b) പാർലമെന്റിൽ പാസാക്കിയിട്ടുള്ള പ്രത്യേക നിയമം മൂലമാണ് ഇവ നിലവിൽ വന്നിട്ടുള്ളത്.

11. Write any two benefits of e-commerce to consumers.

12. State any two responsibilities of an enterprise towards the workers.

13. 'As a source of finance retained earnings is a better option than other sources." Give two reasons to justify this statement.

14. Identify the type of retailers highlighted in the following statements :

    (a) Hari sells second hand books in Trivandrum city.

    (b) Babu sells ice-cream from one street to another on his bicycle.

15. Write a short note on the term contract manufacturing.

16. 'As compared to other modes of entry, exporting and importing is the easiest way of getting into international markets.' Give any two reasons to justify this statement.

    (Hint : Advantages)

**Answer any 4 questions from 17 to 21. Each carries 3 scores.** **(4 × 3 = 12)**

17. Briefly explain the causes of business risk. (Any Three)

18. The oldest and most traditional form of public enterprises in India is departmental undertakings. State any three merits of it.

19. Identify the type of e-business transactions listed below :

    (a) Kamal withdraws money from ATM.

    (b) Mohini sold her old watch on e-bay.

    (c) Tata Motors bought tyres from MRF.

11. ഇ-കോമേഴ്സിന്റെ ഉപഭോക്താക്കൾക്കുള്ള ഏതെങ്കിലും രണ്ട് മേന്മകൾ എഴുതുക.

12. ജീവനക്കാരോടുള്ള സ്ഥാപനത്തിന്റെ ഏതെങ്കിലും രണ്ട് ഉത്തരവാദിത്ത്വങ്ങൾ പ്രസ്താവിക്കുക.

13. "ഒരു ധനകാര്യ ഉറവിടം എന്ന നിലയിൽ കരുതൽ ലാഭം മറ്റുള്ള ധനകാര്യ ഉറവിടങ്ങളേക്കാൾ മെച്ചപ്പെട്ട മാർഗമാണ്." ഈ പ്രസ്താവനയെ സാധൂകരിക്കുന്നതിനുള്ള രണ്ട് കാരണങ്ങൾ രേഖപ്പെടുത്തുക.

14. താഴെത്തന്നിരിക്കുന്ന പ്രസ്താവനകളിൽ പ്രതിപാദിച്ചിരിക്കുന്ന ചില്ലറ കച്ചവടക്കാരുടെ തരം തിരിച്ചറിയുക :

    (a) ഹരി തിരുവനന്തപുരം സിറ്റിയിൽ ഉപയോഗിച്ച പുസ്തകങ്ങളുടെ വിൽപ്പന നടത്തുന്നു.

    (b) ബാബു സൈക്കിളിൽ പലസ്ഥലങ്ങളിലായി ഐസ്ക്രീം വിൽപ്പന നടത്തുന്നു.

15. കരാർ ഉൽപ്പാദനം എന്ന പദത്തിനെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

16. 'അന്തർദ്ദേശീയ ബിസിനസിലേക്ക് പ്രവേശിക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളെ അപേക്ഷിച്ച് കയറ്റുമതിയും ഇറക്കുമതിയുമാണ് ഏറ്റവും എളുപ്പത്തിലുള്ള മാർഗ്ഗം.' ഈ പ്രസ്താവന ന്യായീകരിക്കുന്നതിനുള്ള രണ്ട് കാരണങ്ങൾ എഴുതുക.

    **(സൂചന** : മേന്മകൾ)

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

17. വ്യാപാരനഷ്ടസാധ്യതയുടെ കാരണങ്ങൾ ചുരുക്കി വിവരിക്കുക ? (ഏതെങ്കിലും 3 എണ്ണം)

18. ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും പഴക്കംചെന്നതും പരമ്പരാഗതമായിട്ടുള്ളവയുമാണ് വകുപ്പ്തല സംരംഭങ്ങൾ. ഇവയുടെ ഏതെങ്കിലും 3 നേട്ടങ്ങൾ പ്രസ്താവിക്കുക.

19. താഴെത്തന്നിരിക്കുന്ന ഇ-ബിസിനസ് ഇടപാടുകളുടെ തരം തിരിച്ചറിയുക :

    (a) കമൽ എറ്റിഎം മുഖേന പണം പിൻവലിച്ചു

    (b) മോഹിനി അവരുടെ പഴയ വാച്ച് ഇ-ബേ യിൽ കൂടിവിറ്റു

    (c) റ്റാറ്റാ മോട്ടോഴ്സ് എം.ആർ.എഫിൽ നിന്നും ടയറുകൾ വാങ്ങി.

20. 'Promoters perform various functions to bring a company into existence.' Explain any three such functions.

21. The Directors of Metro Ltd. decided to tap global finance for its expansion programme. As a Financial advisor, give a report highlighting the various international sources of finance to the company.

**Answer any 4 questions from 22 to 26. Each carries 4 scores.** **(4 × 4 = 16)**

22. Co-operative societies offers many benefits to its members. Explain any four benefits of it.

23. Briefly explain the various features of Global enterprises. (Any Four)

24. Draw a chart showing the different types of insurance.

25. Describe the problems of small business in India. (Any Four)

26. 'Duty draw-back scheme' is a foreign trade promotion measure announced by the Government in its export-import policy. Explain any other four measures in this regard.

**Answer the question 27, carries 5 scores.** **(1 × 5 = 5)**

27. Match the following :

| | (A) | | (B) |
|---|---|---|---|
| (a) | ADR | (1) | Interest |
| (b) | Equity Shares | (2) | Short-term source |
| (c) | Preference Share | (3) | International source |
| (d) | Debenture | (4) | Voting right |
| (e) | Commercial Paper | (5) | Fixed rate of dividend |

20. 'ഒരു കമ്പനി നിലവിൽ വരുന്നതിനാവശ്യമായ നിരവധി ധർമ്മങ്ങൾ പ്രമോട്ടർമാർ നിർവ്വഹിക്കുന്നു'. ഇതിനായുള്ള ഏതെങ്കിലും മൂന്ന് ധർമ്മങ്ങൾ വിവരിക്കുക.

21. മൊട്രോ ലിമിറ്റഡിന്റെ ഡയറക്ടർമാർ കമ്പനിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ആഗോള സമ്പത്ത് സ്വരൂപിക്കുവാൻ തീരുമാനിച്ചു. ഒരു ധനകാര്യ വിദഗ്ധൻ എന്ന നിലയിൽ കമ്പനിക്ക്, വിവിധ അന്തർദ്ദേശീയ ധനകാര്യ ഉറവിടങ്ങളെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി നൽകുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വിതം.** **(4 × 4 = 16)**

22. സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് വിവിധതരത്തിലുള്ള നേട്ടങ്ങൾ പ്രദാനം ചെയ്യുന്നു. ഏതെങ്കിലും അഞ്ച് നേട്ടങ്ങൾ വിശദീകരിക്കുക.

23. ആഗോള സംരംഭങ്ങളുടെ വിവിധ പ്രത്യേകതകൾ ചുരുക്കി വിവരിക്കുക. (ഏതെങ്കിലും നാല് എണ്ണം)

24. ഇൻഷുറൻസിന്റെ വിവിധ തരങ്ങൾ പ്രതിപാദിക്കുന്ന ഒരു ചാർട്ട് വരയ്ക്കുക.

25. ഇന്ത്യയിലെ ചെറുകിട സംരംഭങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിശദമാക്കുക. (ഏതെങ്കിലും നാല് എണ്ണം)

26. സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയത്തിന്റെ ഭാഗമായി വിദേശ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച നടപടികളിൽ ഒന്നാണ് ചുങ്കം തിരിച്ചുനൽകൽ പദ്ധതി. വിദേശ വ്യാപാര പ്രോത്സാഹനവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നാല് നടപടികൾ കൂടി വിശദമാക്കുക.

**ചോദ്യം 27 ന് ഉത്തരം എഴുതുക, 5 സ്കോർ** **(1 × 5 = 5)**

27. ചേരും പടി ചേർക്കുക :

| | (A) | | (B) |
|---|---|---|---|
| (a) | എ.ഡി.ആർ | (1) | പലിശ |
| (b) | സാധാരണ ഓഹരികൾ | (2) | ഹ്രസ്വകാല ഉറവിടം |
| (c) | മുൻഗണനാ ഓഹരികൾ | (3) | അന്തർദേശീയ ഉറവിടം |
| (d) | കടപ്പത്രം | (4) | വോട്ടവകാശം |
| (e) | കോമേഴ്സ്യൽ പേപ്പർ | (5) | നിശ്ചിത ശതമാനം ഡിവിഡന്റ് |

**Answer any 2 questions from 28 to 30. Each carries 5 scores.** **(2 × 5 = 10)**

28. 'Auxiliaries to trade helps in the removal of various hindrances in the production and distribution of goods.' Briefly explain the various auxiliaries which support trade.

29. Express your arguments in favour of social responsibility of business.

30. Distinguish between Memorandum of Association and Articles of Association. (Any Five)

**Answer any 2 questions from 31 to 33. Each carries 8 scores.** **(2 × 8 = 16)**

31. (a) Name the specific form of business organisation found only in India.

    (b) Explain any four types of partners.

    (c) Write any three differences between a public company and private company.

32. Explain any four principles of Insurance.

33. Mail order houses are the retail outlets that sell their merchandise through mail. Explain its merits and demerits. (Four each)

---

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(2 × 5 = 10)**

28. സാധനങ്ങളുടെ ഉൽപ്പാദനവും വിതരണവുമായി ബന്ധപ്പെട്ട തടസങ്ങളെ നീക്കം ചെയ്യാൻ കച്ചവടത്തിനുവേണ്ട അനുബന്ധപ്രവർത്തനങ്ങൾ സഹായകരമാണ്. വ്യാപാരത്തെ സഹായിക്കുന്ന പ്രധാന കച്ചവട അനുബന്ധ പ്രവർത്തനങ്ങളെ ചുരുക്കി വിവരിക്കുക.

29. ബിസിനസിന്റെ സാമൂഹിക ഉത്തരവാദിത്വത്തിന് അനുകൂലമായ നിങ്ങളുടെ വാദഗതികൾ അവതരിപ്പിക്കുക.

30. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തുക. (ഏതെങ്കിലും അഞ്ച് എണ്ണം)

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

31. (a) ഇന്ത്യയിൽ മാത്രം കാണപ്പെടുന്ന പ്രത്യേക ബിസിനസ്സ് സംരംഭ രീതിയുടെ പേര് പറയുക.

(b) ഏതെങ്കിലും നാല്തരം പങ്കാളികളെ കുറിച്ച് വിശദീകരിക്കുക.

(c) ഒരു പൊതു കമ്പനിയും സ്വകാര്യകമ്പനിയും തമ്മിലുള്ള മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

32. ഇൻഷുറൻസിന്റെ ഏതെങ്കിലും നാല് തത്ത്വങ്ങൾ വിവരിക്കുക.

33. തപാൽമാർഗ്ഗം ഉൽപന്നങ്ങൾ വിൽക്കുന്ന ചെറുകിട സംരംഭങ്ങളാണ് മെയിൽ ഓർഡർ ഹൗസുകൾ. ഇവയുടെ ഗുണങ്ങളും ദോഷങ്ങളും നാലെണ്ണം വീതം വിശദീകരിക്കുക.

---